## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4901** — **21.10.2011 ൽ മറുപടിയ്ക്ക്**

### വന്യമൃഗ ശല്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും ഭീഷണിയുണ്ടാക്കുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും ഭീഷണിയുണ്ടാക്കുന്നത് ഏതെങ്കിലും പ്രത്യേക കാരണങ്ങളാൽ മാത്രമാണെന്ന് കണ്ടെത്തിയിട്ടില്ല. വന്യജീവി ആക്രമണം നടക്കാറുള്ള വിവിധ പ്രദേശങ്ങളിൽ വിഭിന്നങ്ങളായ കാരണങ്ങളാലാണ് വന്യജീവികൾ നാട്ടിലേക്കിറങ്ങാറുള്ളത് എന്നാൽ പൊതുവിൽ ജനസംഖ്യയിലുണ്ടായ വർദ്ധനവ് മൂലം വന്യജീവികൾക്ക് ഉണ്ടാകാവുന്ന സ്വാഭാവിക സമ്മർദ്ദവും വന്യജീവികളുടെ ആവാസ സ്ഥലങ്ങൾ വിഭജിക്കപ്പെട്ടതും അവയുടെ സഞ്ചാര പഥങ്ങൾ ശിഥിലമായതും വനമേഖലയോട് ചേർന്ന് കൃഷിവിളകളുടെ ആകർഷകതയും മറ്റും വന്യമൃഗങ്ങളെ നാട്ടിലിറങ്ങാൻ പ്രേരിപ്പിക്കുന്ന കാരണങ്ങളായി കരുതപ്പെടുന്നു. |
| (ബി) ഇതിനെക്കുറിച്ച് സമഗ്രമായ പഠനവും പരിഹാര മാർഗ്ഗങ്ങളും സ്വീകരിക്കാൻ വകുപ്പ് മുൻകൈ എടുക്കുമോ; | (ബി) കഴിഞ്ഞ ഏതാനും വർഷങ്ങളായി വനമേഖലയിലും വന്യമേഖലയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം രൂക്ഷമായതിനെ തുടർന്ന് ഇക്കാര്യത്തെ കുറിച്ച് വിശദമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ |

സെക്രട്ടറി ചെയർമാനായും ചീഫ് വൈൽഡ് ലൈഫ് വാർഡൻ കൺവീനറായും ഒരു പത്തംഗ ഉന്നതതല കമ്മറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മറ്റി അതിന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും അതിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർച്ചയായി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ നിബന്ധനകൾക്കു വിധേയമായി വെടിവെച്ചുകൊല്ലുവാൻ അനുവാദം നൽകിക്കൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് പരിശോധിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഇതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ? | (സി) | വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവയിലെ ശുപാർശകൾ പരിശോധിച്ച് മാത്രമേ കൂടുതൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**